


**ഈ പരിശീലന പാഠത്തിൽ നിങ്ങൾ ഉഷാ ജനോമി ഗ്യാദറിംഗ് ഫൂട്ട് ഉപയോഗിച്ച് ഒരു ഫാഷനബിൾ സ്റ്റോൾ ഉണ്ടാക്കുന്നത് എങ്ങനെയെന്ന് പഠിക്കും.**



നിങ്ങൾക്ക് നിങ്ങളുടെ പഴയ ദുപ്പട്ടയോ സ്റ്റോളോ ഒരു മനോഹരമായ സ്റ്റൈൽ സ്റ്റേറ്റ്മെന്റാക്കി മാറ്റാം... അതിൽ ഗ്യാദറുകൾ ചേർത്താൽ മതിയാകും... ഗ്യാദറിംഗ് ഫൂട്ട് എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്ന് മനസ്സിലാക്കാനായി നിങ്ങൾ ഞങ്ങളുടെ ഗ്യാദറിംഗ് ഫൂട്ടിന്റെ പരിശീലന പാഠം കാണുക... അത് ഇതു വരെ കണ്ടിട്ടില്ലെങ്കിൽ മതി... എന്നിരുന്നാലും, നിങ്ങൾക്ക് അടിസ്ഥാന തയ്യൽ പാഠങ്ങൾ അറിയാമെങ്കിൽ, അതിലേക്ക് നേരിട്ടിറങ്ങാം.

നിങ്ങൾക്ക് ഒരു ഉഷാ ജനോമി ഗ്യാദറിംഗ് ഫൂട്ട് ആവശ്യം വരും... വൺ ഫോർട്ടി ബൈ ഫിഫ്റ്റീൻ ഇഞ്ചിന്റെ ഒരു പീസ് തുണിയോ... അല്ലെങ്കിൽ ഒരു സ്റ്റോൾ... കുറച്ച് ത്രെഡുകൾ... ഒരു മെഷറിംഗ് സ്കെയിൽ... പിന്നെ ഒരു മാർക്കറും... നിങ്ങൾക്ക് നീളത്തിൽ മുറിച്ച നിങ്ങളുടെ ഒരു പഴയ ദുപ്പട്ട വേണമെങ്കിലും ഇതിനായി ഉപയോഗിക്കാം... നിങ്ങൾ അങ്ങനെയാണ് ചെയ്യുന്നതെങ്കിൽ മുറിച്ച അറ്റം തയ്ക്കേണ്ടതാണ്... വളരെ കട്ടിയുള്ളതോ ഭാരമേറിയതോ ആയ തുണിയല്ല എന്ന് ഉറപ്പ് വരുത്തണമെന്നേയുള്ളൂ.

തുണി എങ്ങനെ ഒരു സിഗ്-സാഗ് രീതിയിൽ മടക്കിയിരിക്കുന്നു എന്ന് നോക്കൂ... ഇനി കാണൂ... മടക്കിയ തുണിയിൽ ഞാൻ... ഓരോ മൂന്ന് ഇഞ്ചിലും പോയിന്റുകൾ അടയാളപ്പെടുത്തുന്നു... ഒരറ്റത്ത് നിന്ന് തുടങ്ങണം. ഇതു പോലുള്ള പോയിന്റുകൾ അടയാളപ്പെടുത്താനായി... മൂന്ന് ഇഞ്ച് വിട്ട് മടക്കുകൾ മുകളിലേയ്ക്ക് മാറ്റുക. തുണിയുടെ മടക്കുകൾ നിവർത്തി ഈ പ്രക്രിയ തുണിയുടെ അറ്റം വരെ ആവർത്തിക്കുക. ഇനി ഇതു പോലെ തുണിയുടെ നീളമുള്ള വശത്തിൽ പോയിന്റുകൾ മെഷറിംഗ് സ്കെയിൽ ഉപയോഗിച്ച് ചേർത്ത് വരയ്ക്കുക. ഇതു പോലെ എല്ലാ പോയിന്റുകളിലും ചെയ്യുക.



മുകളിൽ നിന്ന് താഴെ വരെ നാലു ലംബമായ രേഖകൾ കിട്ടുന്നതു വരെ തുടരുക. ഈ രേഖകളിലൂടെയാണ് നമ്മൾ ഗ്യാദറിംഗ് ഫൂട്ട് കൊണ്ട് തയ്ക്കാൻ പോകുന്നത്. തുടങ്ങാനായി... നമ്മൾ ആദ്യം സാധാരണ പ്രസ്സർ ഫൂട്ട് മാറ്റി ഗ്യാദറിംഗ് ഫൂട്ട് ഘടിപ്പിക്കണം

സ്ക്രൂ ഉപയോഗിച്ച് ഇതു പോലെ പ്രസ്സർ ഫൂട്ട് ഇളക്കി മാറ്റുക... പ്രസ്സർ ഉയർത്തി ഫൂട്ട് നീക്കം ചെയ്യുക.

ഗ്യാദറിംഗ് ഫൂട്ട് എടുക്കുക... അത് സ്ക്രൂവുമായി യോജിപ്പിക്കുക... പ്രസ്സർ താഴേയ്ക്കിട്ട് സ്ക്രൂ നന്നായി മുറുക്കുക.നിങ്ങളുടെ തുണി മെഷീനിലിടുക.









ഇനി മെഷീന്റെ സെറ്റിംഗ്സ് അനുയോജ്യമാക്കുക... സ്റ്റിച്ച് പാറ്റേർൺ സിലെക്ടർ 'എ'–യിലേയ്ക്ക് തിരിക്കുക... പരമാവധി സ്റ്റിച്ച് ലെംഗ്ത് ഇടുക... ത്രെഡ് ടെൻഷൻ അഞ്ചിൽ ഇടുക. അടയാളപ്പെടുത്തിയ രേഖയിലൂടെ ശ്രദ്ധിച്ച് തയ്ച്ച് തുടങ്ങുക... നിങ്ങൾ തയ്ക്കുമ്പോൾ ഞൊറിവുകൾ വീഴുന്നത് കാണാം.

അറ്റം വരെ തയ്ക്കുക... നീഡിൽ ഉയർത്തി നൂൽ മുറിച്ച് മാറ്റുക. അടുത്ത രേഖയിൽ കൂടി തയ്ച്ച് തുടങ്ങുക. അടയാളപ്പെടുത്തിയ രേഖകളിലൂടെ നിങ്ങൾക്ക് നാലു വരി ഞൊറിവുകൾ കിട്ടുന്നതു വരെ ഈ പ്രക്രിയ ആവർത്തിക്കുക. മനോഹരമായ ഞൊറിവുകളോടു കൂടിയ നിങ്ങളുടെ സ്റ്റോൾ ഇപ്പോൾ തയ്യാറായി കഴിഞ്ഞിരിക്കുന്നു... നിങ്ങൾക്ക് ഇത് കൂടുതൽ മനോഹരമാക്കാനായി അരികുകളിൽ അലങ്കാരങ്ങൾ കൈ കൊണ്ട് തുന്നി ചേർക്കാം.





ഒരു ഫാഷൻ അക്സെസ്സറി എന്ന നിലയിൽ സ്റ്റോളുകൾ എപ്പോഴും ശ്രദ്ധയാകർഷിക്കുന്നവയാണ്... അവയ്ക്ക് നിങ്ങളിലേയ്ക്ക് ശ്രദ്ധയാകർഷിക്കാനുള്ള കഴിവുണ്ട്... ഏതു തരം വസ്ത്രത്തിനും മിനുക്കുപണികൾ നൽകാൻ ഇവ കൊണ്ട് സാധിക്കും... ഇവ ഡ്രസ്സുകൾക്കും കോട്ടുകൾക്കും സ്വെറ്ററുകൾക്കും ജാക്കറ്റുകൾക്കും സ്യൂട്ടുകൾക്കും ഒപ്പം ധരിക്കാവുന്നതാണ്...

